I/20292/2023

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടിക്രമം
(ഹാജർ : Surendran Pillai B)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർപട്ടിക – സംക്ഷിപ്ത പുതുക്കൽ 2023– നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1.കമ്മീഷന്റെ 04.01.2020 തീയതിയിലെ ബി1/30139/2019/സം.തി.ക നമ്പർ ഉത്തരവ്.
2.കമ്മീഷന്റെ 17.06.2022 തീയതിയിലെ ബി3/53/2022/സം.തി.ക നമ്പർ ഉത്തരവ്.

**ഉത്തരവ് നം.B1/199/2022-SEC** തീയതി: 12-08-2023

**ഉത്തരവ്**

സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2020 ൽ നടന്ന പൊതു തിരഞ്ഞെടുപ്പിലും മട്ടന്നൂർ നഗരസഭയിൽ 2022 ൽ നടന്ന പൊതുതിരഞ്ഞെടുപ്പിലും സൂചന പ്രകാരം വോട്ടർപട്ടിക പുതുക്കിയിരുന്നു. പൊതുതിരഞ്ഞെടുപ്പിന് ശേഷം ഉപതിരഞ്ഞെടുപ്പ് നടന്ന തദ്ദേശസ്വയംഭരണ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പിനായും വോട്ടർപട്ടിക പുതുക്കിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അത്തരത്തിൽ നിലവിലുള്ള വോട്ടർപട്ടിക അടിസ്ഥാനമാക്കിയും 2023 ജനുവരി 1 യോഗ്യത തീയതിയായി നിശ്ചയിച്ചും 2023 സെപ്തംബറിൽ സംക്ഷിപ്ത പുതുക്കൽ (Summary Revision) നടത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിരിക്കുകയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 22(2)(ബി) വകുപ്പും 1994 കേരള മുനിസിപ്പാലിറ്റി ആക്ടിലെ 78(2)(ബി) വകുപ്പും 1994 ലെ സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 7 മുതൽ 22 വരെയുള്ള ചട്ടങ്ങൾ പ്രകാരവുമാണ് സംക്ഷിപ്ത പുതുക്കൽ നടത്തേണ്ടത്.

മേൽ വിവരിച്ച സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പൽ കൗൺസിലുകളിലെയും മുനിസിപ്പൽ കോർപ്പറേഷനുകളിലെയും നിലവിലെ വോട്ടർ പട്ടിക അടിസ്ഥാനമാക്കിയും 2023 ജനുവരി 1 യോഗ്യത തീയതിയായി നിശ്ചയിച്ചും കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട്, സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ എന്നിവയിലെ പ്രസക്ത വ്യവസ്ഥകൾക്കും അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി വോട്ടർപട്ടികയുടെ സംക്ഷിപ്ത പുതുക്കൽ പരിപാടി നടത്താൻ എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരോടും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരോടും നിർദ്ദേശിച്ച് ഉത്തരവാകുന്നു.

Signed by
Surendran Pillai B
Date: 12-08-2023 12:48:34

Surendran Pillai B
SECRETARY

എല്ലാ ജില്ല തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും

I/20292/2023

എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും

പകർപ്പ്

1. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്
3. എല്ലാ വരണാധികാരികൾക്കും, എല്ലാ തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും
4. ടെക്നിക്കൽ ഡയറക്ടർ, NIC
5. സ്റ്റാന്റിംഗ് കൗൺസിൽ, സംസ്ഥാന  തിരഞ്ഞെടുപ്പ്  കമ്മീഷൻ
6. എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
7. IT Cell, State Election Commission
8. കമ്മീഷണറുടെ പി.എസ്
9. സെക്രട്ടറിയുടെ സി.എ

I/20292/2023

**അനുബന്ധം**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വോട്ടർപട്ടിക - സംക്ഷിപ്ത പുതുക്കൽ 2023**

**മാർഗ്ഗനിർദ്ദേശങ്ങൾ**

I. **ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടികൾ**

1. ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ യോഗം 2023 ആഗസ്റ്റ് 19 നകം വിളിച്ച് ചേർത്ത് സംക്ഷിപ്ത പുതുക്കൽ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകണം.
2. യോഗാനന്തരം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് പരിശീലനം ലഭിച്ച ജില്ലയിലെ മാസ്റ്റർ ട്രെയിനർമാർ മുഖേന ആവശ്യമായ പരിശീലനം നൽകണം.
3. തദ്ദേശസ്ഥാപനങ്ങളിലെ അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ, സെക്ഷൻ ക്ലാർക്ക്, ടെക്നിക്കൽ അസിസ്റ്റന്റ് തുടങ്ങിയവർക്ക് സൗകര്യപ്രദമായി വിവിധ ബ്ലോക്ക് കേന്ദ്രങ്ങളിൽ വച്ച് ആഗസ്റ്റ് 25 നകം മാസ്റ്റർ ട്രെയിനർമാർ മുഖേന ആവശ്യമായ പരിശീലനം നൽകണം. (ഒരു ബാച്ചിൽ പരമാവധി 75 പേർ).
4. സംക്ഷിപ്ത പുതുക്കൽ സംബന്ധിച്ച് ജില്ലാ തലത്തിൽ രാഷ്ട്രീയ പാർട്ടികളുടെയും പൊതുജനങ്ങളുടെയും ശ്രദ്ധയ്ക്കായി വാർത്താക്കുറിപ്പും മറ്റ് പ്രചാരണ പരിപാടികളും സംഘടിപ്പിക്കണം.
5. ജില്ലയിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ കരട് വോട്ടർ പട്ടികയും അന്തിമ വോട്ടർ പട്ടികയും നിർദ്ദേശിച്ചിട്ടുള്ള പ്രകാരം യഥാസമയം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
6. പട്ടിക പുതുക്കലിന്റെ പുരോഗതി ആഴ്ചയിൽ വിലയിരുത്തി കമ്മീഷനെ അറിയിക്കേണ്ടതാണ്. കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മരണപ്പെട്ടവരുടെ പേരുവിവരം പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിന് E R O മാർ സ്വമേധയാ നടപടി സ്വീകരിക്കുന്നുണ്ടെന്ന് പ്രത്യേകം ഉറപ്പാക്കേണ്ടതാണ്.

II. **ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കേണ്ട നടപടികൾ**

1. വോട്ടർ പട്ടികയുടെ സംക്ഷിപ്ത പുതുക്കൽ പരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെയും തെരെഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും റസിഡന്റ് അസോസിയേഷൻ ഭാരവാഹികളുടെയും യോഗം തദ്ദേശസ്ഥാപനതലത്തിൽ സെപ്തംബർ 4 ന് മുമ്പ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ വിളിച്ച് ചേർക്കേണ്ടതാണ്.
3. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും മുനിസിപ്പൽ കോർപ്പറേഷനുകളിലെയും നിലവിലുള്ള വോട്ടർപട്ടിക (അടിസ്ഥാനപട്ടികയും സപ്ലിമെന്ററി പട്ടികകളും) **sec.kerala.gov.in** സൈറ്റിൽ സെപ്തംബർ 1 ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ലഭ്യമാകും.
4. ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പ്രസ്തുത സൈറ്റിൽ ലോഗിൻ ചെയ്ത് കാലഹരണപ്പെട്ട അപേക്ഷകളോ ആക്ഷേപങ്ങളോ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ സെപ്തംബർ 2 ന് മുമ്പ് അവ ഒഴിവാക്കേണ്ടതാണ്. അതോടൊപ്പം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ ലോഗിനിൽ ഏതെങ്കിലും Deletion Request പെൻഡിംഗ് ഉണ്ടെങ്കിൽ അവ Confirm ചെയ്യേണ്ടതാണ്.

5. മേൽപ്പറഞ്ഞ അടിസ്ഥാനപട്ടികയും സപ്ലിമെന്ററി പട്ടികയും സംയോജിപ്പിച്ച് സെപ്തംബർ 4 ന് മുമ്പ് പ്രസ്തുത സൈറ്റിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ലഭ്യമാകും. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അവ പരിശോധിച്ച് അപാകതകൾ ഇല്ലായെന്ന് ഉറപ്പാക്കണം.
6. അത്തരത്തിൽ ലഭ്യമാകുന്ന സംയോജിപ്പിച്ച വോട്ടർപട്ടികയുടെ പ്രിന്റ് എടുത്ത് മൂന്നാം നമ്പർ ഫാറത്തിലെ നോട്ടീസ് സഹിതം സെപ്തംബർ 8 ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ കരടായി പ്രസിദ്ധീകരിക്കേണ്ടതാണ്.
7. കരട് പട്ടിക സംബന്ധിച്ച അവകാശവാദ അപേക്ഷകളും ആക്ഷേപങ്ങളും സെപ്തംബർ 8 മുതൽ 23 വരെ സ്വീകരിക്കേണ്ടതും ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളേണ്ടതുമാണ്.
8. കരട് പട്ടിക പ്രസിദ്ധപ്പെടുത്തിയതിനുശേഷം, പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററുകളും മറ്റും പരിശോധിച്ചും നേരിൽ അന്വേഷിച്ചും പ്രത്യേക ലിസ്റ്റ് തയ്യാറാക്കി സെപ്തംബർ 20 നോ അതിന് മുമ്പോ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും നിശ്ചിത സമയത്തിനകം (7 ദിവസം) ആക്ഷേപങ്ങൾ ലഭിക്കാത്തപക്ഷം അവരുടെ പേരുകൾ കരട് പട്ടികയിൽ നിന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സ്വമേധയാ ഒഴിവാക്കേണ്ടതാണ്.
9. അതോടൊപ്പം, പട്ടികയിലുള്ളവർ സാധാരണ താമസക്കാരനല്ലാതായി തീർന്നവരുടെ കാര്യത്തിൽ 7 ദിവസത്തെ വ്യക്തിഗത ഹീയറിംഗ് നോട്ടീസ് നൽകി തുടർ നടപടി സ്വീകരിക്കണം.
10. **<u>വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതി 01.01.2023 ആണ്.</u>** യോഗ്യതാ തീയതിയായി നിശ്ചയിച്ചിട്ടുള്ള **2023 ജനുവരി 1-ാം** തീയതിയോ **അതിനുമുമ്പോ 18 വയസ് തികഞ്ഞവരെ മാത്രമേ** വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ.
11. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും (ഫാറം 4) ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനും (ഫാറം 6) ഒരു വാർഡിൽ നിന്നോ പോളിംഗ് സ്റ്റേഷനിൽ നിന്നോ സ്ഥാനമാറ്റം വരുത്തുന്നതിനും (ഫാറം 7) **sec.kerala.gov.in** സൈറ്റിൽ അപേക്ഷകൻ ലോഗിൻ ചെയ്ത് ഓൺലൈനായി അപേക്ഷ/ആക്ഷേപം സമർപ്പിക്കണം. ഓൺലൈൻ അപേക്ഷ അയക്കുമ്പോൾ തന്നെ കമ്പ്യൂട്ടർ ജനറേറ്റഡ് ഹിയറിംഗ് നോട്ടീസ് അപേക്ഷകന് ലഭിക്കും (ഫാറം 12, 15, 15എ). അക്ഷയ സെന്റർ തുടങ്ങിയ സർക്കാർ അധികൃത ജനസേവന കേന്ദ്രങ്ങൾ മുഖേനയും അപേക്ഷ സമർപ്പിക്കാവുന്നതാണ്.
12. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നത് സംബന്ധിച്ചോ പേര് ഒഴിവാക്കുന്നത് സംബന്ധിച്ചോ ഉള്ള ആക്ഷേപങ്ങൾ (ഫാറം 5) ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും അവയുടെ പ്രിന്റൗട്ടിൽ ആക്ഷേപകർ ഒപ്പ് രേഖപ്പെടുത്തി നേരിട്ടോ തപാലിലൂടെയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് ലഭ്യമാക്കുകയും വേണം. എന്നാൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ടോ തപാലിലൂടെയോ നൽകുന്ന ഫാറം 5 ലെ ആക്ഷേപങ്ങളും സ്വീകരിക്കേണ്ടതും അവ ERO ഓഫീസിലെ User ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതുമാണ്.
13. മേൽപ്പറഞ്ഞ പ്രകാരം ഫാറം 5 ൽ ആക്ഷേപങ്ങൾ ലഭിച്ചാലുടൻ തന്നെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ആക്ഷേപകനും ആർക്കെതിരെയാണോ ആക്ഷേപമുള്ളത് അയാൾക്കും തീയതി രേഖപ്പെടുത്തിയ ഹിയറിംഗ് നോട്ടീസ് നൽകണം (ഫാറം 13, 14).
14. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഓരോ ദിവസവും ലഭിക്കുന്ന അപേക്ഷകളുടെയും ആക്ഷേപങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി തന്റെ ഓഫീസിന്റെ ശ്രദ്ധേയമായ ഭാഗത്ത് പ്രസിദ്ധീകരിക്കേണ്ടതാണ് (ഫാറം 9, 10, 11).
15. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ഓൺലൈനായും നേരിട്ടും ലഭിക്കുന്ന അപേക്ഷകൾ/ആക്ഷേപങ്ങൾ സംബന്ധിച്ച് ഒക്ടോബർ 10 നകം ആവശ്യമായ പരിശോധന, അന്വേഷണം, നേർവിചാരണ നടത്തി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്. ഓരോ അപേക്ഷയിന്മേലും/ ആക്ഷേപത്തിന്മേലുള്ള തീരുമാനം ഉടൻ തന്നെ രേഖാമൂലം ബന്ധപ്പെട്ട അപേക്ഷകരെ അറിയിക്കേണ്ടതാണ്.

16. മേൽപ്പറഞ്ഞ പ്രകാരം തീർപ്പാക്കുന്ന അപേക്ഷകൾ/ആക്ഷേപങ്ങൾ സംബന്ധിച്ച് അതാത് ദിവസം തന്നെ ERMS വെബ് പോർട്ടലിൽ അപ്ഡേഷൻ ചെയ്യേണ്ടതാണ്.
17. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അപേക്ഷകളിന്മേൽ/ ആക്ഷേപങ്ങളിന്മേൽ സ്വീകരിക്കുന്ന നടപടിക്കെതിരെ അപേക്ഷകർക്ക് ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം അപ്പീൽ അധികാരിക്ക് അപ്പീൽ നൽകാവുന്നതാണ്. സംക്ഷിപ്ത പുതുക്കലുമായി ബന്ധപ്പെട്ട് ജില്ലയിലെ അപ്പീൽ അധികാരി തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറാണ്.
18. അപ്പലേറ്റ് അധികാരിയുടെ ഉത്തരവ് പ്രകാരം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ആവശ്യമെങ്കിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.
19. അപ്പീൽ തീരുമാനങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അതുംകൂടി ഉൾപ്പെടുത്തി അന്തിമ വോട്ടർപട്ടിക **2023 ഒക്ടോബർ 16 ന്** പ്രസിദ്ധീകരിക്കേണ്ടതാണ്.
20. കരട് വോട്ടർപട്ടികയുടെയും അന്തിമ വോട്ടർപട്ടികയുടെയും രണ്ടു പകർപ്പുകൾ വീതം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചിട്ടുള്ള ദേശീയ രാഷ്ട്രീയ പാർട്ടികൾക്കും കേരള സംസ്ഥാന രാഷ്ട്രീയ പാർട്ടികൾക്കും കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികൾക്കും സൗജന്യമായി നൽകേണ്ടതാണ് .
21. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മത്സരിക്കുന്നതിന് കമ്മീഷൻ കാലാകാലങ്ങളിൽ അയോഗ്യത കൽപ്പിച്ചവരുടെ പേരുകൾക്ക് നേരെ പ്രത്യേക അടയാളം (*) രേഖപ്പെടുത്തേണ്ടതാണ്.
22. വോട്ടർപട്ടികയുടെ പുതുക്കലുമായി ബന്ധപ്പെട്ട് ലഭിക്കുന്ന എല്ലാ അപേക്ഷകളിലും ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തീരുമാനങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട എല്ലാ രേഖകളും സൂക്ഷിക്കേണ്ടതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഏതു സമയത്തുമുള്ള പരിശോധനകൾക്കും അവ വിധേയമാക്കേണ്ടതുമാണ്.
23. സ്വതന്ത്രവും നീതിപൂർവ്വകവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ്, വോട്ടർപട്ടികയുടെ കൃത്യതയെ ആശ്രയിച്ചിരിക്കുന്നതിനാൽ അനർഹരായ വോട്ടർമാർ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും അർഹരായ വോട്ടർമാർ ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഔദ്യോഗിക കർത്തവ്യലംഘനം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ – 28 ാം വകുപ്പോ1994 ,ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 84എ വകുപ്പോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**III. തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ (അപ്പീൽ അധികാരി) സ്വീകരിക്കേണ്ട നടപടികൾ**

1. വോട്ടർപട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസമാരുടെ തീരുമാനത്തിനെതിരെ നിശ്ചിത സമയത്തിനകവും രീതിയിലും ലഭിക്കുന്ന അപ്പീലുകൾ സ്വീകരിച്ച് ആവശ്യമായ നേർവിചാരണ/അന്വേഷണം നടത്തി മൂന്ന് ദിവസത്തിനകം ഉചിത നടപടി സ്വീകരിക്കേണ്ടതാണ്.
2. അത്തരത്തിൽ സ്വീകരിക്കുന്ന നടപടി വിവരങ്ങൾ ഉടൻ തന്നെ ബന്ധപ്പെട്ട അപേക്ഷകനെയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറെയും രേഖാമൂലം അറിയിക്കേണ്ടതാണ്.

**IV.വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള സമയക്രമം**

കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ : **08.09.2023 (വെള്ളി)**

അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കുന്ന
അവസാന തീയതി : **23.09.2023**
**(ശനി 5 pm വരെ)**

I/20292/2023

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ
തുടർ നടപടി സ്വീകരിച്ച് അപ്ഡേഷൻ പൂർത്തിയാക്കൽ : **10.10.2023 (ചൊവ്വ)**
അന്തിമവോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ : **16.10.2023 (തിങ്കൾ)**

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in